നീലായുടെ

# കൊച്ചനിയത്തി

സ്റ്റുഡിയോ
മെരിലാൻഡ്

സംവിധാനം
സുബ്രഹ്മണ്യം



a KUMARASWAMY & CO; RELEASE

നീലായുടെ

# കൊച്ചനിയത്തി

(മലയാളം)

താരങ്ങൾ:

| | |
|---|---|
| മധു | ജയഭാരതി |
| വിൻസൻറ് | ശാന്തി |
| സണ്ണി | ആറന്മുള പൊന്നമ്മ |
| എസ്. പി. പിള്ള | ബേബി സുമതി |
| ആലുംമൂടൻ | പങ്കജവല്ലി |
| പരവൂർ ഭരതൻ | അന്നമ്മ |
| മാസ്റ്റർ പ്രഭാകർ | സരസമ്മ |
| സോമശേഖരൻനായർ | രുഗ്മിണി |

രാമചന്ദ്രൻ, സോമൻ, ഭാസി

സംവിധാനം

**സുബ്രഹ്മണ്യം**

സ്റ്റുഡിയോ

**മെരിലാൻഡ്**

**a Kumaraswamy & Co. Release**

## കഥാസാരം:

ദരിദ്രഭവനത്തിലെ സന്തതികളാണ് രാജുവും ഇന്ദുവും. അവക്കു അമ്മ മാത്രമേ ഉള്ളു ആശ്രയത്തിന്.

രാജു ഒരു തെറിച്ച ചെറുക്കനാണ്. വികൃതി. ധിക്കാരി. പക്ഷേ സ്നേഹം അവനെ അടിമയാക്കുന്നു. എന്തിനും കൂസലില്ലാത്തവനായി മാററുന്നു.

രോഗശയ്യയിലായ അമ്മയുടെ ജീവൻ രക്ഷിക്കാൻ ആവേശഭരിതനായ അവൻ മരുന്നുകടയിൽനിന്നും, തനിക്കുവേണ്ട മരുന്ന് എടുത്തുകൊണ്ടു് ഓട്ടകതന്നെ ചെയ്തു. അക്രമം. ധിക്കാരം...കൊള്ള. രാജു ജയിലിലായി.

ഒരു വ്യാഴവട്ടത്തിനുശേഷം തടവിൽനിന്ന് രാജു പുറത്തുവന്നപ്പോൾ അമ്മ അകാലചരമം പ്രാപിച്ചിരുന്നു. ഇന്ദു അനാഥാലയത്തിലാണ്. ഇന്ദുവിനെ തേടിയുള്ള അലച്ചിൽ നീണ്ടുപോയി. ഒട്ടുവിൽ ഇന്ദുവിനെ കണ്ടെത്താൻ കഴിഞ്ഞപ്പോൾ, വളച്ച്യെത്തിയ അവൾക്കു് വലിയ മോഹങ്ങളുമുണ്ടു്. അനുജത്തിയുടെ മോഹപൂർത്തിക്കായി രാജു ഒരിക്കൽക്കൂടി മോഷ്ടാവായി. അവൾ ആഗ്രഹിച്ച സാരിയും നെക്‌ലസും എല്ലാം നൽകാൻകഴിഞ്ഞു. പക്ഷേ അനാഥാലയത്തിലെ വാർഷികച്ചടങ്ങിൽ അതെല്ലാം അണിഞ്ഞു പ്രത്യക്ഷപ്പെട്ട ഇന്ദുവിൻെറനേരെ മോഷണക്കുററം ആരോപിക്കപ്പെട്ടു. രാജു ഭ്രാന്തുപിടിച്ചപോലെ തക്കസമയത്തെത്തി കുററമേററു. ഇന്ദു മോചിതയായെങ്കിലും രാജു ഒരിക്കൽ കൂടി കാരാഗൃഹത്തിലായി.

അനാഥാലയത്തിൽനിന്നും പുറത്താക്കപ്പെട്ട രോഗഗ്രസ്തയായ ഇന്ദുവിനു തുണയായതു് കാത്തിയാണ്. ഡോക്ടർ മോഹനനെ അവളുടെ ചികിത്സയ്ക്കു് ഏർപ്പെടുത്തിയതും അവൾതന്നെ. പക്ഷേ രോഗമുക്തയായ ഇന്ദു ഡോക്ടറുടെ അമ്മയെ പരിചരിച്ചുകൊണ്ടു് അവിടെ കഴിയാൻ ബാദ്ധ്യസ്ഥയായി.

അതൊരു പ്രണയബന്ധത്തിൻെറ തുടക്കംകുറിച്ചു. സമൂഹത്തിൽ ഉയന്ന പദവികളുള്ള ഡോക്ടർ മോഹനൻ. മേൽവിലാസമില്ലാത്ത ഇന്ദു. അവളുടെ അർഹതയെ ചോദ്യംചെയ്യാൻ രാജുവിൻെറ കഥകളും. ആ ബന്ധം ശാശ്വതീകരിക്കപ്പെടാതിരിക്കുന്നതിനുള്ള പ്രയത്നത്തിൽ എന്തൊക്കെ ഉപജാപങ്ങൾ നടക്കുന്നു! സംഘട്ടനങ്ങൾക്കു് സന്ദർഭമുണ്ടാകുന്നു! ഒരിക്കൽക്കൂടി രാജു വിലങ്ങണിയേണ്ടിവന്നു. പക്ഷേ ഇപ്പോൾ ആരോപിക്കപ്പെട്ടിരിക്കുന്ന കുററം കൊലപാതകമാണ്. മംഗല്യം സ്വപ്നം കാണുന്നതിനുള്ള ഭാഗ്യത്തിനുപിറകേ സഹോദരൻെറ കഴുത്തിൽ കൊലക്കയറുവീഴുന്ന രംഗം സങ്കല്പിക്കേണ്ടിവരിക. ഇന്ദു ആ ഘട്ടത്തിലാണ്. അതിന്റെ അന്ത്യം ?............

ഗാനം—1

രചന—ശ്രീകുമാരൻതമ്പി

പാടിയത്: P. ലീല

തിങ്കളെപ്പോലെ ചിരിക്കുന്ന പൂക്കളെ
തിന്മകൾ ചെയ്യരുതേ...
കഷ്ടതയാൽ കരൾനൊന്തുപോയാലും
കള്ളം പറയരുതേ....
തിങ്കളെപ്പോലെ ചിരിക്കുന്ന പൂക്കളെ
തിന്മകൾ ചെയ്യരുതേ...
കഷ്ടതയാൽ കരൾനൊന്തുപോയാലും
കള്ളം പറയരുതേ...
തിന്മകൾ ചെയ്യരുതേ...
കള്ളം പറയരുതേ...
മിന്നുന്നതെല്ലാം പൊന്നല്ല...
തെന്നുന്നതെല്ലാം ചെളിയല്ല...
(മിന്നുന്നതെല്ലാം...)

വെളിച്ചമെല്ലാം തീയല്ല
വെളിച്ചമെല്ലാം തീയല്ല
വെളുത്തതൊക്കെ പാലല്ല
വെളുത്തതൊക്കെ പാലല്ല....
(തിങ്കളെ)

തിന്മകൾ ചെയ്യരുതേ...
കള്ളം പറയരുതേ...
എങ്ങും നന്മതൻ വെണ്ണിക്കൊടി—
പൊങ്ങിപ്പൊങ്ങി പറന്നെങ്കിൽ
(എങ്ങും നന്മതൻ)

ഹൃദയം എന്നും ദൈവത്തിൽ
(ഹൃദയം)
നിലയമായി ലഭിച്ചെങ്കിൽ_
(നിലയമായി)
(തിങ്കളെ)

തിന്മകൾ ചെയ്യരുതേ...
കള്ളം പറയരുതേ...

ഗാനം—2

രചന—ശ്രീകുമാരൻതമ്പി

പാടിയതു്: യേശുദാസ്

കൊച്ചിളം കാറേറ കളമൊഴിക്കാറേറ
കൊച്ചുപെണ്ണിനെ കണ്ടോ?
പിച്ചകപ്പൂവുകൾ നുള്ളിനടക്കുമ്പോൾ
കൊച്ചുകാല്പാടുകൾ കണ്ടോ-മണ്ണിൽ
കൊച്ചുകാല്പാടുകൾ കണ്ടോ?

(കൊച്ചിളം)

ചിത്രശലഭംപോൽ ഇരിക്കും- അവൾ
ചിലങ്കകിലുങ്ങുംപോൽ ചിരിക്കും

(ചിത്രശലഭം)

അഴകിൻെറ വസന്തം എന്നോമന!
അച്ഛൻെറ സുകൃതമാം കുഞ്ഞോമന!

(കൊച്ചിളം)

പൊന്മണിമാലകളില്ലാ-മെയ്യിൽ
പുത്തനുടുപ്പുകളില്ല!

(പൊന്മണി)

അമ്മയില്ലാത്തൊരു മാൻകുട്ടിപോലെ
അലയുകയാണവളെങ്ങോ!

(കൊച്ചിളം)

ഗാനം—3

രചന—ശ്രീകുമാരൻതമ്പി

പാടിയതു്: ജയചന്ദ്രനും സംഘവും

കൊയ്ത്തു പാട്ടു്:—

തെയ്യാരെ തക തെയ്യാരെ
തെയ്യനം തെയ്യനം താരാരെ
തെയ്യാരെ തക തെയ്യാരെ
തെയ്യനം തെയ്യനം താരാരെ

പൊലിയോ......പൊലി
പൊലിയോ......പൊലി
പൊലിയോ......പൊലി

ഓണക്കൊയ്ത്തരി വാളുകിലുങ്ങി
ഓണത്തപ്പൻെറ തേരുതെളിഞ്ഞേ
ഓണപ്പാട്ടുകൾ പാടിവരുന്നേ പെണ്ണാളേ
എൻെറ പെണ്ണാളേ......

ഓണക്കൊയ്ത്തരി വാളുകീല്ലുങ്ങി
ഓണത്തപ്പൻെറ തേരുതെളിഞ്ഞേ
ഓണപ്പാട്ടുകൾ പാടിവരുന്നേ പെണ്ണാളേ
എൻെറ പെണ്ണാളേ.....

മുത്തംകിട്ടിയ പെണ്ണിൻെറമോഹം
പത്തുമേനി വിളഞ്ഞല്ലോ !
മുത്തംകിട്ടിയ പെണ്ണിൻെറമോഹം
പത്തുമേനി വിളഞ്ഞല്ലോ !

വിയപ്പ് തിന്നവയലിൻെറ മോഹം
നൂറുമേനി വിളഞ്ഞല്ലോ !
വിയർപ്പുതിന്ന വയലിൻെറ മോഹം
നൂറുമേനി വിളഞ്ഞല്ലോ !

തെയ്യാരെ തക തെയ്യാരെ
തെയ്യനം തെയ്യനം താരാരെ
പൊലിയോ...പൊലി

തെയ്യനം തെയ്യനം താരാരെ
പൊലിയോ...പൊലി
തയ്യാരെ തകതെയ്യാരെ
പൊലിയോ...പൊലി

ഗാനം—A

മുക്കുവരുടെ പാട്ട്:

ഹാ...ഹാ...ഹാ...ഹാ...
ഏലേലം ഏലേലം ഏലേലം
ഹാ...ഹോ...ഹാ...ഹാ...
ഏലേലം...ഏലേലം...ഏലേലം
വേമ്പനാട്ടുകായലിലേ......
വെള്ളിമണിത്തിരമാലകളേ
വെക്കം വെക്കം ചീനവലയില്
മുത്തുകൾ വാരി തായോ!
മുത്തുകൾ വാരി തായോ...
വേമ്പനാട്ടുകായലിലേ
വെള്ളിമണിത്തിരമാലകളേ
വെക്കം വെക്കം ചീനവലയില്
മുത്തുകൾ വാരി തായോ!
മുത്തുകൾ വാരി തായോ!...
പരല്യം വേണം
കരിമീൻ വേണം

കണ്ണാടിപ്പു മീൻ വേണം
കാററുവാക്കിനൊഴകിവരാമോ
മുത്തേ മീൻ മുത്തേ
മുത്തേ മീൻ മുത്തേ
ഹാ—ഹാ—ഹാ—
ഓ...ഏലേലം...ഏലേലം
ഓ—ഓ—ഓ...ഏലേലം
ഏലേലം......
ഹൈലസാ...ഹൈലസാ...
ഓ——ഓ—
ഹാ——ഹാ——

## ഗാനം-B

### കുറത്തിപ്പാട്ട്:—

കുറവൻ: കുഞ്ഞുങ്ങിവരും കുറത്തി
നിൻെറ കൂടയിലെന്തുണ്ട കുറത്തി.
കുഞ്ഞുങ്ങിവരും കുറത്തി
നിൻെറ കൂടയിലെന്തുണ്ട കുറത്തി.

കുറത്തി: നാഞ്ചിനാടൻ പുത്തരിയുണ്ട്
വേളിമല ചന്ദനമുണ്ട്.
നാഞ്ചിനാടൻ പുത്തരിയുണ്ട്
വേളിമല ചന്ദനമുണ്ട്.

കുറവൻ: കുഞ്ഞുങ്ങിവരും കുറത്തി
നിൻെറ കൂടയിലെന്തുണ്ട് കുറത്തി
പൂക്കുലപോലുള്ള കുറത്തി
പുത്തരിവച്ചു തരാമോ
പൂക്കുലപോലുള്ള കുറത്തി
പുത്തരിവച്ചു തരാമോ

കുറത്തി: കൊട്ടില്പവച്ചു തരാമോ
ഹാ — ഹാ — ഹാ —
പുത്തൻ മുണ്ടുതരാമോ
ഹാ — ഹാ — ഹാ...
കൊട്ടില്പവച്ചു തരാമോ
ഹാ — ഹാ — ഹാ—

കു: കുഞ്ഞുങ്ങിവരും കുറത്തി
കുറത്തി: ഹാ ... ഹാ ... ഹാ...
കു: നിൻെറ കൂടയിലെന്തുണ്ട് കുറത്തി
കുറത്തി: നാഞ്ചിനാടൻ പുത്തരിയുണ്ട്
വേളിമല ചന്ദനമുണ്ട്

കണങ്ങിവരും കുറത്തി–
താനിതാം...താനാ...താനിത
താനിതാം...താന...താനിത
താനിതാം—താനാ—താനിത—

ഗാനം—4

രചന—ശ്രീകുമാരൻതമ്പി പാടിയതു്: യേശുദാസ്

അഗ്നിപർവ്വതം പൊട്ടിത്തെറിച്ചു
അഗ്നിശലകൾ പാറിനടന്നു
ഈ ദുഃഖജ്വാലതൻ തീരഭൂമിയിൽ
ഇനിയെന്തുചെയ്യും ചിറകററ കുരുവീ!

(അഗ്നി)

കൂടപ്പിറപ്പിൻ ജീവിതവല്ലരി
പൂവിട്ടുകാണാൻ നീയെത്രകൊതിച്ചു!

(കൂടപ്പിറപ്പിൻ)

ഓടിയ നിൻ കാലിടറിപ്പോയി
ഒരുകൊച്ചുമോഹം തകർന്നുപോയി!

(അഗ്നി)

അപമാനത്തിൻ തീച്ചുഴിത്തിരയിൽ
എരിയാനാവില്ലിനിയൊരു നിമിഷം

(അപമാനത്തിൻ)

അന്തംകാണാ വഴികളിലൂടെ
അലയുകയോനീയനിയത്തീ?

(അഗ്നി)

ഗാനം—5

രചന—ശ്രീകുമാരൻതമ്പി

പാടിയതു്: S. ജാനകി

തിങ്കളെപ്പോലെ ചിരിക്കുന്ന പൂക്കളേ
തിന്മകൾ ചെയ്യരുതേ!
കഷ്ടതയാൽ കരൾനൊന്തു പോയാലും
കള്ളം പറയരുതേ!
തിന്മകൾ ചെയ്യരുതേ!–നിങ്ങൾ
കള്ളം പറയരുതേ!

(തിങ്കളെ)

മിന്നുന്നതെല്ലാം പൊന്നല്ലാ
തെന്നുന്നതെല്ലാം ചെളിയല്ല

(മിന്നുന്നതെല്ലാം)

വെളിച്ചമെല്ലാം തീയല്ല

(വെളിച്ച)

വെളുത്തതൊക്കെ പാലല്ലാ!

(തിങ്കളെ)

എങ്ങുംനമ്മതൻ വെന്നിക്കൊടി
പൊങ്ങിപ്പൊങ്ങിപ്പറന്നെങ്കിൽ

(എങ്ങുംനമ്മ)

ഹൃദയമെന്നും ദൈവത്തിൽ
നിലയമായി ലഭിച്ചെങ്കിൽ

(ഹൃദയ)

(തിങ്കളെ)

ഗാനം—6

രചന—ശ്രീകുമാരൻതമ്പി പാടിയതു് S. ജാനകി

സുന്ദരരാവിൽ ചന്ദനമുകിലിൽ
മന്ത്രങ്ങളെഴുതും ചന്ദ്രികേ!

(സുന്ദര)

അനുരാഗത്തിൻ ആദ്യ നൊമ്പരം
ആത്മനാഥനോടെങ്ങനെ പറയും?
വാസരസ്വപ്നം ഇതളുകൾവിരിക്കും
വാടിക്കൊഴിയും രാവിൻ മടിയിൽ

(വാസരസ്വപ്നം)

ആയിരംകഥകൾ പറയാൻകൊതിക്കും
അരികത്തുകണ്ടാൽ അടിമുടിവിറയ്ക്കും
എങ്ങിനെ...എങ്ങിനെ...പറയുവതെങ്ങിനെ?

(സുന്ദര)

ആ വിളികേൾക്കാൻ ആ മാറിൽ ചായാൻ
ആ കാലടിയിൽ മലരായ്‌വീഴാൻ

(ആ വിളികേൾ)

ആത്മാവാം കിളി കൊതികൊള്ളുന്നു
അന്തർദാഹമിതെങ്ങിനെ പറയും?
എങ്ങിനെ...എങ്ങിനെ പറയുവതെങ്ങിനെ!

(സുന്ദര)

സംഭാഷണം — S. L. പുരം സദാനന്ദൻ
ഗാനരചന — ശ്രീകുമാരൻ തമ്പി
സംഗീതം — പുകഴേന്തി
ഛായാഗ്രഹണം — E. N. C. നായർ
ശബ്ദലേഖനം — കൃഷ്ണ ഇളമൺ B. A.
ലാസറസ്
കല — പി. കെ. ആചാരി
സോമശേഖരൻനായർ
ചിത്രസംയോജനം — N. ഗോപാലകൃഷ്ണൻ
പ്രോസസ്സിംഗ് — P. കൃഷ്ണൻ നായർ
മേക്കപ്പ് — വിക്രമൻനായർ
സ്റ്റിൽസ് — വേലപ്പൻ
ഇലക്ട്രിഷ്യൻ — A. S. മണി
വസ്ത്രാലങ്കാരം — K. നാരായണൻ

പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്

V. M. സദാശിവൻ

സഹായകർ

ഛായാഗ്രഹണം — V. കരുണാകരൻ
ശബ്ദലേഖനം — മൊയ്തീൻ, പരമേശ്വരൻ
ചിത്രസംയോജനം — V. ചെല്ലം

സഹായ സംവിധായകർ

R. അപ്പു, വേലപ്പൻ, K. S. ഗോപാലകൃഷ്ണൻ നായർ

പാടിയവർ:

യേശുദാസ്, ജയചന്ദ്രൻ, S. ജാനകി, P. ലീല

# വരുന്നു !

ശ്രീകുമാർ പ്രൊഡക്ഷൻസ്

# 'പ്രതികാരം'

മലയാളചിത്രം.

കഥ-സംഭാഷണം: ഗാനങ്ങൾ:

കെടാമംഗലം സദാനന്ദൻ ശ്രീകുമാരൻതമ്പി

സംഗീതം:

എം. ബി. ശ്രീനിവാസൻ

സ്ററുഡിയോ: സംവിധാനം:

മെരിലാൻഡ് എസ്. കുമാർ

---

അടുത്ത
പൊന്നോണത്തിന്ന്
നീലായുടെ
സംഭാവന

# ശ്രീ ഗുരുവായൂരപ്പൻ

(ഈസ്റ്റ്മാൻ കളർ)

*Kumaraswamy & Co. Release*

നീലായുടെ

# കൊച്ചനിയത്തി

